# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :422** **09.02.2016 ൽ മറുപടിയ്ക്ക്**

**സോളാർ കണക്ട് ശൃംഖലാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഗാർഹികാവശ്യങ്ങൾക്കായി വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന സോളാർ കണക്ട് ശൃംഖലാ പദ്ധതി ഏതെല്ലാം കമ്പനികളുമായി ബന്ധപ്പെട്ടാണ് നടപ്പിലാക്കുന്നത് എന്ന വിവരത്തിന്റെ വിശദാംശം അറിയിക്കാമോ; | (എ) കേന്ദ്ര നവനവീകരണ മന്ത്രാലയത്തിന്റെ അംഗീകൃത ചാനൽ പാർട്ണർമാരുടെ ലിസ്റ്റിൽ നിന്നും, ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത 13 ഏജൻസികളെയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി നടപ്പിലാക്കാൻ നിയോഗിച്ചിരിക്കുന്നത്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) നാളിതുവരെ ഈ പദ്ധതിയ്ക്കായി എത്ര തുക ഏതെല്ലാം ഏജൻസികൾക്ക് നൽകിയിട്ടുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ; | (ബി) സോളാർ കണക്ട് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഗുണഭോക്താക്കൾക്കാണ് ലഭ്യമാക്കുന്നത്. ഈ പദ്ധതിയിൽ ഇതുവരെ യാതൊരു തുകയും വിതരണം ചെയ്തു തുടങ്ങിയിട്ടില്ല. |
| (സി) ഈ പ്രസ്തുത കേന്ദ്ര/സംസ്ഥാന വിഹിത അടിസ്ഥാനത്തിൽ അറിയിക്കാമോ; | (സി)മേൽപ്പറഞ്ഞ പദ്ധതിയിൽ കേന്ദ്ര ധനസഹായമായി 24,000/- പ്രതി കിലോ വാട്ടും (മൊത്തം തുകയുടെ 30% അല്ലെങ്കിൽ പരമാവധി 24,000/- രൂപ) സംസ്ഥാന സർക്കാർ ധനസഹായമായി 10000/- പ്രതി കിലോവാട്ടും ആണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ